കേരളാ ട്രാൻസ്പോർട്ട് ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം

106 [2243] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ട്രാൻസ്പോർട്ട് ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഈ സ്ഥാപനം ആകെ എത്ര രൂപയുടെ ബിസിനസ് ആണ് നടത്തിയത് എന്ന് വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ സ്ഥാപനം ലാഭത്തിലായിരുന്നുവോ എന്ന് അറിയിക്കുമോ;

(ഡി) കെ.ടി.ഡി.എഫ്.സി.-യിൽ ഇപ്പോൾ വിവിധ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയും ഇതിനകം വിതരണം ചെയ്തിട്ടുള്ള വിവിധ തരം വായ്പകൾക്ക് ഈടാക്കുന്ന പലിശയും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) കെ.ടി.ഡി.എഫ്.സി.-യിലെ ജീവനക്കാർക്ക് വിവിധ തരം വായ്പകൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകാറുണ്ടോ;

(എഫ്) കെ. ടി. ഡി. എഫ്. സി.-യിലെ ഓരോ ജീവനക്കാരനും പ്രസ്തുത സ്ഥാപനത്തിൽനിന്നും എടുത്തിട്ടുള്ള വായ്പകളും ഓരോ വായ്പയ്ക്കും നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം 153.12 കോടി രൂപയുടെ ബിസിനസ് നടത്തിയിട്ടുണ്ട്.

(സി) അതെ.

(ഡി) സ്ഥിര നിക്ഷേപങ്ങൾക്ക് ഒരു വർഷത്തേക്ക് 6.75%-ഉം, രണ്ട് വർഷത്തേക്ക് 7%-ഉം, മൂന്നും അതിൽ കൂടുതലും വർഷത്തേക്ക് 7.5% പലിശയാണ് നൽകി വരുന്നത്. വേന വായ്പയ്ക്ക് 7.5%-ഉം, പേഴ്സണൽ ലോണിന് 11%-ഉം, നാലുചക്ര/മുച്ചക്ര വാഹനങ്ങൾക്ക് 8.25%-ഉം, ജോലി ഇല്ലാത്തവർക്ക് 8.75%-ഉം, ഇരുചക്ര വാഹനങ്ങൾക്ക് 9.75%-ഉം, കെ.എസ്.ആർ.ടി.സി.-ക്ക് 7.75%-ഉം മറ്റു സ്ഥാപനങ്ങൾക്കുള്ള വായ്പയ്ക്ക് 10%-ഉം, എസ്.ആർ.ടി.ഇ.ക്ക് 9.5%-ഉം പലിശയാണ് ഈടാക്കുന്നത്.

(ഇ) കെ.ടി.ഡി.എഫ്.സി.-യിലെ സ്ഥിരം ജീവനക്കാർക്ക് വായ്പയിൻമേൽ 0.4% പലിശ ഇളവ് നൽകാറുണ്ട്.

(എഫ്) മറ്റു ധനകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് വായ്പയിളവ് നൽകുന്നതുപോലെ കെ.ടി.ഡി.എഫ്.സി.-യിലും സ്ഥിരം ജീവനക്കാർക്ക് വേനവായ്പയിലും വാഹന വായ്പയിലും ഇളവ് നൽകുന്നുണ്ട്. കെ.ടി.ഡി.എഫ്.സി.-യിലെ സ്ഥിര ജീവനക്കാരിൽ 5 പേർ വേനവായ്പയും, 6 പേർ വ്യക്തിഗത വായ്പയും എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly